# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി6)1383/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/11/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി6)1383/2025 തീയ്യതി: 01/11/2025

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-06-2024 മുതൽ 25-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ. കെ. | ജോയിന്റ് ഡയറക്ടർ | 26-09-2025 | 03-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2025 | 03-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രസാദ് പി, (ഓഡിറ്റ് ഓഫീസർ )

സുധ ഇ. എൻ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശിവപ്രസാദ് എം, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ജിഷ കെ.ടി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

രമ്യ കെ.കെ, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നഫീസ കെ. വി. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| അൻസാർ അഹമ്മദ് കെ. എ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുജിത് പി. ജി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 21-08-2024 |
| അർച്ചന വിശ്വനാഥ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ഇൻചാർജ് | 22-08-2024 | 07-12-2024 |
| ദിബിൻ എം. എൻ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ഇൻചാർജ് | 08-12-2024 | 12-12-2024 |
| അജിത് സി. ബി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 13-12-2024 | 31-03-2025 |
| അജി ഫ്രാൻസീസ് കെ. എ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-05-2024 |
| വിനോദ് ഇ. കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2024 | 22-09-2024 |
| ലീസ വി. എ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 23-09-2024 | 30-11-2024 |
| ഷിജു ചന്ദ്രൻ എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-12-2024 | 07-01-2025 |
| വിനോദ് ഇ. കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-01-2025 | 12-01-2025 |
| അനി ടി. പി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-01-2025 | 31-03-2025 |
| ശ്രീന എസ്. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ഹാരിസ് വി. എം. | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ബേബി കെ. കേളത്ത് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 31-03-2025 |
| സുരേഷ് കുമാർ എ. | ക്ഷീര വികസന ഓഫീസർ | 01-04-2024 | 20-04-2024 |
| മഞ്ജുഷ ടി. വി. | ക്ഷീര വികസന ഓഫീസർ (ഇൻചാർജ്) | 21-04-2024 | 17-06-2024 |
| സുരേഷ് കുമാർ എ. | ക്ഷീര വികസന ഓഫീസർ | 18-06-2024 | 19-01-2025 |
| ഗ്രേസ് എ. തച്ചിൽ | ക്ഷീര വികസന ഓഫീസർ (ഇൻചാർജ്) | 20-01-2025 | 02-02-2025 |
| സുരേഷ് കുമാർ എ. | ക്ഷീര വികസന ഓഫീസർ | 03-02-2025 | 06-02-2025 |
| ബീന എം. കെ. | ക്ഷീര വികസന ഓഫീസർ (ഇൻചാർജ്) | 07-02-2025 | 17-03-2025 |
| സുരേഷ് കുമാർ എ. | ക്ഷീര വികസന ഓഫീസർ | 18-03-2025 | 31-03-2025 |
| ഡോ. സുഷമ ഇ. | സുപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | 01-04-2024 | 31-05-2024 |
| ഡോ. ടോണി എ. കെ. | സുപ്രണ്ട്, സി.എച്ച്.സി, | 01-06-2024 | 31-03-2025 |

| | | | |
|---|---|---|---|
| | എരുമപ്പെട്ടി | | |
| ശ്രീജ സി. വി. | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| പ്രബിൻ വി. പി. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 26-08-2024 |
| സജിത മേനോൻ വി. | വ്യവസായ വികസന ഓഫീസർ | 27-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾക്ക് ബാലൻസ് ഷീറ്റിൽ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ രേഖപ്പെടുത്തി | 1-1-1 |
| 3 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-2 |
| 4 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്കു തുക നൽകി-നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല | 1-1-6 |
| 8 | സ്ഥിര ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത് | 1-1-7 |
| 9 | ഡെവലപ്മെന്റ് ഫണ്ട്-CFC Tied Grant-വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-8 |
| 10 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഫണ്ട് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | ക്യാഷ് പരിശോധന | 1-5 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 16 | ലേലം അപാകതകൾ | 1-7 |
| 17 | വൈദ്യുതി ചാർജ്ജ് തുക നൽകിയത് സംബന്ധിച്ച് | 1-8 |
| 18 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-9 |
| 19 | ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-10 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 21 | ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 22 | എം.വി.ജി.റോഡ് കാന നിർമ്മാണം വരവൂർ പഞ്ചായത്ത് - അപാകതകൾ | 1-13 |
| 23 | ടെയ്ക്ക് എ ബ്രേക്ക് - പദ്ധതി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 24 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-15 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 16.06.2025 തീയതിയിലെ 5(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16.06.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾക്ക് ബാലൻസ് ഷീറ്റിൽ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് B-11 പ്രകാരം സ്ഥിരാസ്തികളായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും താഴെ പറയുന്ന ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾക്ക് അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്.

| ശീർഷകം | ബാലൻസ് ഷീറ്റ് പ്രകാരം 31.03.2025ലെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ |
|---|---|
| 411300101 - Roads & Bridges | 64,60,683 |
| 411320101 – Waterways | 12,95,345 |

## 1-1-2 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല.

| ക്രമ നം. | ശീർഷകം | 31.03.2025 ലെ മൂല്യം |
|---|---|---|
| 1 | 410400101- Drinking Water- Sources (Open Wells, Bore Wells, Tube Wells, Tanks Etc) | 16,92,404 |
| 2 | 410400103- Drinking Water- Pipe Lines | 27,03,442 |

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-3 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും). ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പ്രകാരം (A/C No. 0723101058337 ) 82,052 രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് വിവരം ബി – 17 ൽ ഉൾപ്പെട്ടിട്ടില്ല. ഭരണപരമായ ചെലവുകൾക്ക് അഡ്വാൻസ് തുക നൽകുന്നത് MGNREGS-ന്റെ അഡ്മിൻ ഫണ്ട് വരുന്ന മുറയ്ക്ക് LGTSB അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതിനാൽ താൽക്കാലിക ക്രമീകരണം എന്ന നിലയ്ക്ക് വാർഷിക ധനകാര്യ പത്രികയിൽ അഡ്വാൻസ് ശീർഷകം (460800102) Scheme Expenditure Receivable എന്നതിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 11/29.09.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്കു തുക നൽകി-നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് (KWA) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 5 ലക്ഷം രൂപ മുൻകൂർ നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും ടി തുക മുൻകൂറായി നിലനിൽക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,74,620 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,33,052 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-6 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2025 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800301-Prior Period- Operations And Maintenance Expenses | (31,833) |
| 280800501-Prior Period - Programme Expenses | 55,455 |

### 1-1-7 സ്ഥിര ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-8 ഡെവലപ്മെന്റ് ഫണ്ട്-CFC Tied Grant-വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

ഡെവലപ്മെന്റ് ഫണ്ട് - CFC Tied Grant-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ ഐ-6+ ബി3) | വ്യത്യാസം |
|---|---|---|---|
| ഡെവലപ്മെന്റ് ഫണ്ട്-CFC Grant Tied (ബാങ്ക് + ട്രഷറി) | 34,55,335 (34,52,515+2820) | 35,16,631+2,820(ബാങ്ക് +ട്രഷറി) =35,19,451 (ബി3=0) | 64,116 |

പദ്ധതി ചെലവുകൾ സുലേഖയിൽ യഥാസമയം രേഖപ്പെടുത്തി വരുന്നുണ്ടെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ നടത്തുന്ന പ്രവൃത്തികളുടെ ഡിഡക്ഷൻ തുകകൾ അടുത്ത സാമ്പത്തിക വർഷത്തിൽ അടവാക്കുന്നതിനാലാണ് മേൽ പ്രകാരം വ്യത്യാസം വരുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/29.09.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-9 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

**എ) പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിലെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ശീർഷകം | 31.03.25 ലെ നീക്കിയിരിപ്പ് |
|---|---|
| 320300103-Grants, Funds & Contributions For Specific Purposes – Other Govt. Agencies – Total Sanitation | 77,869 |

ബി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം 11,73,738 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലേയും വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

സി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 40,59,789 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ ഓരോ വർഷവും അഡ്വാൻസ് നൽകിയതിന്റെ വിവരം വർഷം തിരിച്ച് എഴുതുകയോ സംഗ്രഹം എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലേയും അഡ്വാൻസ് നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

## 1-2 ബജറ്റ്

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 08.02.2024 തിയ്യതിയിൽ 1/1-ാം നമ്പർ കമ്മിറ്റി തീരുമാനവും റിവൈസ്ഡ് ബജറ്റ് 05.02.2025 തിയ്യതിയിലെ 1/1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരവും അംഗീകരിച്ചു. അംഗീകരിച്ച വരവ് ചെലവ് കണക്ക് താഴെ നല്കുന്നു.

| ഇനവിവരം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബജറ്റ് | 53,96,247 | 38,52,86,000 | 39,06,82,247 | 38,51,08,440 | 55,73,807 |
| റിവൈസ്ഡ് ബജറ്റ് | 54,15,031 | 36,96,71,327 | 37,50,86,358 | 36,98,92,589 | 51,93,769 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,38,19,000 | 2,38,19,000 | 2,38,19,000 | 0 |
| വികസനഫണ്ട് | 0 | 1,56,56,000 | 1,56,56,000 | 1,56,56,000 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 86,000 | 86,000 | 28,600 | 57,400 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 59,84,000 | 59,84,000 | 45,46,651 | 14,37,349 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ബാങ്ക് (ടൈഡ്) | 18,99,743 | 88,63,000 | 1,07,62,743 | 34,52,515* | 73,10,228 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ട്രഷറി(ടൈഡ്) | 0 | 2,820 | 2,820 | 2,820 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്- ബാങ്ക് (അൺടൈഡ്) | 26,97,837 | 40,13,400+ 306465 (പലിശ) =43,19,865 | 70,17,702 | 54,62,489 | 15,55,213 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്- ട്രഷറി (അൺടൈഡ്) | 0 | 0 | 0 | 0 | 0 |
| ഹെൽത്ത് ഗ്രാന്റ് | 2,83,867 | 42,43,493 | 45,27,360 | 1,68,087 | 43,59,273 |
| Centrally Sponsored Scheme-Total Sanitation Campaign (TSC) | 37,40,340 | 1,03,917 | 38,44,257 | 0 | 38,44,257 |
| Contributions For Joint Venture Projects (For Centrally Sponsored Scheme)-From Block Panchayats | 23,93,087 | 29,71,593 | 53,64,680 | 13,47,833 | 40,16,847 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് (ബാങ്ക്) ചെലവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം 35,16,631 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 34,52,515 രൂപയുമാണ്. 64,116 രൂപയുടെ വ്യത്യാസമുണ്ട്. അപാകത ഖണ്ഡിക 1-1-9 ൽ പരാമർശിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം CFC ഗ്രാന്റിന്റെ (ബാങ്ക്) നീക്കിയിരിപ്പ് തുകയിൽ 69,131 രൂപയുടെ വ്യത്യാസമുള്ളതിനാലും 2024-25 സാമ്പത്തിക വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും ചെലവ് വ്യത്യസ്തം (64,116) ആയതിനാലും CFC ഗ്രാന്റിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം വരേണ്ട യഥാർത്ഥ നീക്കിയിരിപ്പ് തുകയിൽ 5,015 രൂപയുടെ (69131-64116) വ്യത്യാസമുണ്ട്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 137 | 16,16,73,027 | 110 | 8,12,18,921 | 50% | 80% |

## 1-5 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2025 തീയതിയിൽ 2.30 PM-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

### 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 1-7 ലേലം അപാകതകൾ

വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് RP-5 ഷെഡ്യൂളിലെ ശീർഷകം **150100110- Sale Of Timber** എന്നയിനത്തിൽ **3,000** രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലേലം സംബന്ധിച്ച ഫയലുകളും, അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത്തിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/29.09.2025) മറുപടിയായി ലേലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരവിനങ്ങളുടെ വിവരങ്ങൾ കൃത്യവും പൂർണ്ണവുമാക്കി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

### 1-8 വൈദ്യുതി ചാർജ്ജ് തുക നൽകിയത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി.എച്ച്.സി. എരുമപ്പെട്ടി

പ്രൊജക്റ്റ് നം- 26/25

പ്രൊജക്റ്റ് -എരുമപ്പെട്ടി സി.എച്ച്.സി. ദൈനം ദിന ചെലവുകൾ
അടങ്കൽ -5,00,000/-

ചെലവ് -3,62,705/- (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)
കെ.എസ്.ഇ.ബി. കൺസ്യൂമർ നം. 1156841030188, വർഗ്ഗീസ്.കെ.ജെ എന്ന പേരിലുള്ള വൈദ്യുതി കണക്ഷന് താഴെ പറയുന്ന തീയതികളിൽ മെയിന്റനൻസ് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുണ്ട്.

| തീയതി | തുക | വൗച്ചർ നമ്പർ |
|---|---|---|
| 17.08.2024 | 2,330 | 22400469/6.8.24<br>തുക 20,805 |
| 23.10.2024 | 1,517 | 22400488/9.10.24<br>തുക 27,693 |
| 13.02.2025 | 1,885 | 22400659/11.02.25<br>തുക 24,326 |

സി.എച്ച്.സി.യുടെ പേരിലല്ലാത്ത കണക്ഷന് തുക നൽകിയതിന്റെ കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/27.09.2025) പ്രസ്തുത കെട്ടിടത്തിലെ കണക്ഷനുകൾ കോൺട്രാക്ടറുടെ പേരിൽ എടുത്തത് മൂലമാണ് ബില്ലുകൾ പ്രസ്തുത വ്യക്തിയുടെ പേരിൽ വന്നിട്ടുള്ളതെന്നും എത്രയും പെട്ടെന്ന് കൺസ്യൂമർ നമ്പർ സൂപ്രണ്ടിന്റെ പേരിൽ ആക്കാൻ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-9 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

2024-25 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി താലൂക്ക് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റിന് അലോപ്പതി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (KMSCL) താഴെ പറയും പ്രകാരം തുക മുൻകൂർ കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രൊജക്റ്റ് – സെക്കണ്ടറി പാലിയേറ്റീവ് പ്രോഗ്രാം
പ്രൊജക്റ്റ് നമ്പർ - 24/25
അടങ്കൽ –8,02,740 (വികസന ഫണ്ട് ജനറൽ)
ചെലവ് – 7,71,828 (വികസന ഫണ്ട് ജനറൽ)

| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | വൗച്ചർ നം./ തീയതി | ലഭിച്ച മരുന്നുകളുടെ മൂല്യം | ഇൻവോയ്സ് നമ്പർ/ തീയ്യതി | ലഭിക്കാനുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|
| PRF4441/ 18.03.25) | 87204 | 22400825/ 18.03.25 | 31394 | 771/02.06.25 | 55810 |

മേൽപ്രകാരം നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം 5/27.09.2025) മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്.ബി.ഐ, വടക്കാഞ്ചേരി ശാഖയിലെ അക്കൗണ്ട് നം. 00000037279649238-ൽ 09.03.2025 തിയ്യതിയിൽ 1,67,520 രൂപ നീക്കിയിരിപ്പുണ്ട്. ഈ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/29.09.2025) നീക്കിയിരിപ്പ് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 1,67,520 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല

1. പ്രൊജക്ട്- 18/25 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ-20,00,000 (വികസന ഫണ്ട്-എസ്.സി.പി.)

ചെലവ്- 15,20,000

| വൗച്ചർ നം./തിയ്യതി | തുക |
|---|---|
| 22400495/07.11.2024 | 53,000 |
| 22400551/11.12.2024 | 30,000 |
| 22400531/11.12.2024 | 90,000 |
| 22400532/11.12.2024 | 30,000 |
| 22400533/11.12.2024 | 30,000 |
| 22400535/11.12.2024 | 30,000 |
| 22400536/11.12.2024 | 30,000 |
| 22400658/07.02.2025 | 60,000 |
| 22400731/06.03.2025 | 3,07,000 |
| 22400780/07.03.2025 | 2,20,000 |
| 22400781/07.03.2025 | 80,000 |
| 22400820/10.03.2025 | 1,60,000 |
| 22400823/18.03.2025 | 1,40,000 |
| 22400831/22.03.2025 | 2,00,000 |
| 22400863/24.03.2025 | 60,000 |
| ആകെ | 15,20,000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി

പണിയുന്നതിന് ധനസഹായം നൽകുന്നതാണ് മേൽ പ്രൊജക്ട്. ധനസഹായ തുക രണ്ടു ലക്ഷം രൂപയാണ്. മേൽ പ്രൊജക്ട് പ്രകാരം 2024-25 വർഷത്തിൽ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക/തിയ്യതി | ആകെ |
|---|---|---|---|
| 1. | അതുൽകൃഷ്ണ.വി.യു | 30,000/16.11.2024 | 1,70,000 |
| | | 60,000/12.03.2025 | |
| | | 80,000/25.03.2025 | |
| 2. | സൂര്യ.ടി.ആർ | 30,000/13.12.2024 | 90,000 |
| | | 60,000/25.03.2025 | |
| 3. | അഭിഷേക്.വി.എസ് | 30,000/13.12.2024 | 1,70,000 |
| | | 60,000/12.03.2025 | |
| | | 80,000/25.03.2025 | |
| 4. | അങ്കിത്ത്.പി.എസ് | 30,000/13.12.2024 | 30,000 |
| 5. | അരുൺകൃഷ്ണ.കെ.ആർ | 30,000/13.12.2024 | 90,000 |
| | | 60,000/20.03.2025 | |
| 6. | പ്രതീക്ഷ.കെ.പി | 30,000/13.12.2024 | 1,70,000 |
| | | 60,000/12.03.2025 | |
| | | 80,000/20.03.2025 | |

2.പ്രൊജക്ട്- 88/25 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി(സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ

അടങ്കൽ-5,40,000 (വികസന ഫണ്ട്-എസ്.സി.പി.)

ചെലവ്- 5,40,000

| വൗച്ചർ നം./തിയ്യതി | തുക |
|---|---|
| 22400534/11.12.2024 | 30,000 |
| 22400493/30.10.2024 | 30,000 |
| 22400209/21.05.2024 | 75,000 |
| 22400214/21.05.2024 | 60,000 |
| 22400216/21.05.2024 | 80,000 |
| 22400213/21.05.2024 | 50,000 |
| 22400212/21.05.2024 | 80,000 |
| 22400211/21.05.2024 | 30,000 |
| 22400215/21.05.2024 | 30,000 |
| 22400210/21.05.2024 | 75,000 |
| ആകെ | 5,40,000 |

2023-24 സാമ്പത്തിക വർഷം ഒരു ഗഡു ധനസഹായം കൈപ്പറ്റുകയും മേൽ പ്രൊജക്ട് പ്രകാരം രണ്ട് ഗഡുക്കളായി ധനസഹായം കൈപ്പറ്റുകയും ചെയ്ത താഴെ പറയുന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ തീയതി | ആകെ |
|---|---|---|
| വിശ്വജിത്ത് | 60,000/08.01.2024 | 1,70,000 |

| | | |
|---|---|---|
| വിജയ്.സി.വി | 80,000/23.05.2024 | |
| | 30,000/23.05.2024 | |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/ 03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 9/25 പി.എം.എ.വൈ. ആവാസ് പ്ലസ് പട്ടികജാതി ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ എന്നീ പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം നല്കിയിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ തൻവർഷം തുക നല്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേരുവിവരം | ഐ.ഡി. നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|
| രവി കരിക്ക, കിഴക്കേമഠപടി വീട്, പല്ലൂർ (പി.ഒ) ദേശമംഗലം | KL151706712 | 3,76,000 | 03.01.24 |
| രാജു, S/O.ശങ്കരൻകുട്ടി, കല്ലുംകുന്നത്ത് വീട്, പനങ്ങാട്ടുക്കര | KL100802486 | 2,64,000 | 01.12.22 |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.13/29.09.2025) രവി കരിക്ക, കിഴക്കേമഠപടി എന്നിവരുടെ വീട് പണി പൂർത്തീകരിച്ച് ഗുണഭോക്താവ് ടി വീട്ടിൽ താമസമാരംഭിച്ചെന്നും 12 വർഷത്തെ കരാർ തയ്യാറാക്കി വരുന്ന മുറക്ക് ബാലൻസ് തുക നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രാജു, S/O. ശങ്കരൻകുട്ടി, കല്ലുംകുന്നത്ത് വീട് എന്നയാൾക്ക് സാമ്പത്തിക പ്രയാസം കാരണം വീട് പണിപൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും, നൽകിയ ധനസഹായം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടലിൽ ജില്ലാ കളക്ടറുടെ ലോഗിനിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എം.വി.ജി.റോഡ് കാന നിർമ്മാണം വരവൂർ പഞ്ചായത്ത് - അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പറും പേരും | 127/25 - എം.വി.ജി. റോഡ് കാന നിർമ്മാണം<br>വരവൂർ പഞ്ചായത്ത് (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 70,934/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 26,314/- (വൗച്ചർ നം. 22400695/13.03.2025) |
| | |

| | |
|---|---|
| സാങ്കേതികാനുമതി | No. Lsgd/CELSGD/ Est.TS/44527/2023-5-1-1 |
| P.A.C | 4,54,800/-(നികുതികൾ പുറമെ) |
| കരാറുകാരൻ | ഫഹദ്.എ.വൈ. |
| കരാർ നമ്പറും തീയതിയും | 40/2023-24/AE/WKY. തീയതി 20.01.2024 |

എം.വി.ജി. റോഡ് കാന നിർമ്മാണം വരവൂർ പഞ്ചായത്ത് എന്ന പദ്ധതിക്കുവേണ്ടി 30.06.2023-ൽ ടെണ്ടർ നടത്തുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (3,80,628.13 രൂപ) കരാറുകാരൻ ശ്രീ. വിഷ്ണു യു.എസിന് കരാർ നല്കുകയുമാണ് ചെയ്തത്. എന്നാൽ പ്രസ്തുത കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിൻമാറുക യാണെന്നും രണ്ടാമത് കുറവ് ക്വോട്ട് ചെയ്ത (4,08,520.86) സുബൈർ പ്രവൃത്തി ചെയ്യാൻ തയ്യാറാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറിയേയും ഭരണ സമിതിയേയും അറിയിച്ചിട്ടുണ്ട്. എന്നാൽ 29.11.2023 തീയതിയിലെ 1(5) നമ്പർ തീരുമാന പ്രകാരം റീടെണ്ടർ ചെയ്യാൻ ഭരണ സമിതി തീരുമാനിക്കുകയാണ് ചെയ്തത്. റീടെണ്ടറിൽ കുറവ് ക്വോട്ട് ചെയ്ത ശ്രീ. ഫഹദ് എ. (4,54,799.82 രൂപ ) എന്ന കരാറുകാരന്റെ ടെണ്ടർ 29.12.2023 തിയതിയിൽ ചേർന്ന 2(6) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു.

2023-24 സാമ്പത്തിക വർഷം പ്രവൃത്തി (പ്രൊജക്ട് നം. 68) 497666 രൂപയും 2024-25 സാമ്പത്തിക വർഷം മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം 26,314 രൂപയുമടക്കം ആകെ 523980 രൂപ ഈ പ്രവൃത്തിയ്ക്കായി ചെലവു ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

